21/03/2026

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S     Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/03/2026

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള കാമ്പയിൻ ആരംഭിക്കുന്നു. 14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെ "പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന "രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതി"യിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബൂട്ടാൻ പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, തുടങ്ങി ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴവർഗ ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. കൂടുതൽ

വിവരങ്ങൾക്ക് ജില്ലകളിലെ ഹോർട്ടിക്കൾച്ചർ മിഷനുമായോ കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്.

2. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന 'CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER' (CAITT) "മട്ടുപ്പാവ് കൃഷി" എന്ന വിഷയത്തിൽ 24/03/2026 തീയതിയിൽ JRA Hall, ജയ് നഗർ, പ്ലാവില (opposite to bharath petroleum), തിരുമല വെച്ച് ഒരു ഏകദിന Field day സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 250/-രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

## പരിശീലന പരിപാടി

3. വെള്ളായണി കാർഷിക കോളേജ് വിജ്ഞാന വ്യാപന വിദ്യാഭ്യാസ വിഭാഗത്തിന്റെയും കെ അഗ് ടെക് ലോഞ്ച് പാഡിന്റെയും ആഭിമുഖ്യത്തിൽ "നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ" എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘടിപ്പിക്കുന്നു. മാർച്ച് 18-ന് നിശ്ചയിച്ചിരുന്ന ഈ പരിപാടി ഇപ്പോൾ മാർച്ച് 25-ന് പുനഃക്രമീകരിച്ചിരിക്കുന്നു. ബാലരാമപുരം തെങ്ങ് ഗവേഷണ കേന്ദ്രത്തിൽ വച്ച് രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെയാണ് പരിശീലന പരിപാടി നടക്കുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ രജിസ്ട്രേഷൻ ഫീസായി 500 രൂപ അടച്ച് പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണിക്കും വൈകുന്നേരം 4 മണിക്കും ഇടയിലുള്ള സമയങ്ങളിൽ **9995624888** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. സെന്റർ ഫോർ ഇന്നോവേഷൻ ഇൻ സയൻസ് & സോഷ്യൽ ആക്ഷൻ (CISSA)-യുടെ ആഭിമുഖ്യത്തിൽ പുതുതായി കൂൺ കൃഷി ചെയ്യാൻ താത്പര്യമുള്ളവർക്കായി ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 24.3.2026 ൽ തിരുവനന്തപുരം വെള്ളയമ്പലം ഉദാര ശിരോമണി റോഡിൽ സ്ഥിതി ചെയ്യുന്ന സിസ്സയുടെ ട്രെയിനിങ് ഹാളിൽ നടത്തുന്ന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 8129767116 എന്ന നമ്പറുമായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റിൽ വച്ച് **ശാസ്ത്രീയ പച്ചക്കറി കൃഷി** എന്ന വിഷയത്തിൽ 2026 മാർച്ച് 23ന് (23.03.2026) നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന ഫോൺ നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

6. **കാർഷിക നിർദേശം**

കുരുമുളകിൽ കാണപ്പെടുന്ന നിമാവിരകളെ നിയന്ത്രിക്കുന്നതിനായി മിത്ര കുമിളായ പോച്ചോണിയ ക്ലാമിഡോസ്പോറിയ പൊടി 10 ഗ്രാം നന്നായി പൊടിച്ച 2 കിലോ ചാണകത്തിലോ കമ്പോസ്റ്റിലോ ചേർത്ത് ചെടികളുടെ തടത്തിൽ ഇട്ടുകൊടുക്കുക.

വഴുതനയിൽ കായ തുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി വേപ്പിൻ കുരു സത്ത് 50 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്. ആക്രമണം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം